# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4744 27/06/2014-ൽ മറുപടിയ്ക്ക്

## ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

ചോദ്യം
ശ്രീ. കെ.കെ. ജയചന്ദ്രൻ
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

മറുപടി
ശ്രീ . കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) ജൈവകൃഷി പ്രോത്സാഹനത്തിനായി കഴിഞ്ഞകാല ബജറ്റിൽ തുക വകയിരുത്തിയിരുന്നോ; ഇത് ചെലവഴിച്ചതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

എ) ഉണ്ട്.

2010-11 വർഷത്തിൽ ഓർഗാനിക്ക് ഫാമിംഗ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിലെ 900 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10,000/- രൂപ നിരക്കിൽ നെല്ല്,പച്ചക്കറി, കിഴങ്ങുവർഗ്ഗം സുഗന്ധവ്യജ്ഞനങ്ങൾ എന്നിവ ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ പരിശീലന സെമിനാർ മുതലായവ നടപ്പിലാക്കുകയും ചെയ്തു.

2011-12 വർഷം ജൈവ കൃഷി വികസനത്തിന് 500 ലക്ഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ അനുവദിച്ച 449.480 ലക്ഷം രൂപ പുതുതായി ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും വിനിയോഗിക്കുകയുണ്ടായി. പ്രസ്തുത കാലയളവിൽ ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായത്തോടുകൂടി 3500 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിച്ചു. ഇതിനു പുറമേ 2010-11 വർഷം ജൈവ കൃഷി ആരംഭിച്ച 900 ഹെക്ടർ സ്ഥലത്ത് രണ്ടാം വർഷവും ജൈവ കൃഷി നടത്തുന്നവർക്ക് പ്രാരംഭകാലത്ത് ഉല്പാദനക്കുറവുമൂലം ഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിന് രണ്ടാം വർഷവും ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായം നൽകുകയുണ്ടായി.

2012-13 സാമ്പത്തിക വർഷം ജൈവ കൃഷി

പദ്ധതിക്കായി 519.25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ അനുവദിച്ച 50 ലക്ഷം രൂപ "സേഫ്റ്റു ഈറ്റ് വെജിറ്റബിൾ" പദ്ധതിയുടെ നടത്തിപ്പിനായി കേരള കാർഷിക സർവ്വകലാശാലയ്ക്കു അനുവദിച്ചിട്ടുണ്ട്.

ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആകെ 229.78/- ലക്ഷം രൂപ ചെലവഴിച്ചു.

2013-14 വർഷത്തിൽ 10 കോടി വകയിരുത്തിയിരുന്നു. ജൈവ ജില്ലയായ കാസർഗോഡ് കർഷകരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് ഡാറ്റാബേസ് തയ്യാറാക്കി. മണ്ണിന്റെ [illegible] സംരക്ഷണം, ജൈവ വള നിർമ്മാണം, ജൈവകീട നീയന്ത്രണം, ഉല്പാദന സംഭരണം, സംസ്ക്കരണം വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 925.51705 ലക്ഷം രൂപ ചെലവഴിച്ചു. "സേഫ്റ്റു ഈറ്റ്" എന്ന പദ്ധതിയുടെ നടത്തിപ്പിനായി കേരള കാർഷിക സർവകലാശാലയ്ക്ക് 50 ലക്ഷം രൂപ ചെലവഴിച്ചു.

2014-15 വർഷത്തിൽ ജൈവ കൃഷിക്കും "സേഫ്റ്റു ഈറ്റ്" എന്ന പദ്ധതിക്കുമായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലായി അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ബി) കാസർകോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ ജൈവ താലൂക്കുകൾ വികസിപ്പിക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ; വിശദാംശങ്ങൾ നൽകാമോ?

ബി) കാസർഗോഡ് ജില്ല ജൈവജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ ജൈവ താലൂക്കുകൾ വികസിപ്പിക്കുവാനുള്ള നടപടി ആരംഭിച്ചു.

സെക്ഷൻ ഓഫീസർ

# അനുബന്ധം.

2011-12 വർഷത്തെ പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ

(രൂപ ലക്ഷത്തിൽ)

| ജില്ല | പ്രദർശനത്തോട്ടങ്ങൾ | ജൈവപച്ചക്കറി ക്യാമ്പ് | പഠനയാത്രകൾ | സെമിനാർ |
|---|---|---|---|---|
| തിരുവനന്തപുരം | 0.30 | 0.30 | 0.14 | 0.05 |
| കൊല്ലം | 0.30 | 0.30 | 0.14 | 0.05 |
| പത്തനംതിട്ട | 0.20 | 0.30 | 0.14 | 0.05 |
| ആലപ്പുഴ | 0.2 | 0.225 | 0.07 | 0.05 |
| കോട്ടയം | 0.20 | 0.30 | 0.14 | 0.05 |
| ഇടുക്കി | 0.30 | 0.225 | 0.14 | 0.05 |
| എറണാകുളം | 0.30 | 0.30 | 0.14 | 0.05 |
| തൃശ്ശൂർ | 0.45 | 0.30 | 0.14 | 0.05 |
| പാലക്കാട് | 0.30 | 0.30 | 0.14 | 0.05 |
| മലപ്പുറം | 0.30 | 0.15 | 0.14 | 0.05 |
| കോഴിക്കോട് | 0.20 | 0.075 | 0.07 | 0.05 |
| വയനാട് | 0.20 | 0.075 | 0.14 | 0.05 |
| കണ്ണൂർ | 0.20 | 0.075 | 0.14 | 0.05 |
| കാസർഗോഡ് | 0.10 | 0.075 | 0.07 | 0.05 |

2012-13 വർഷത്തെ പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ

(രൂപ ലക്ഷത്തിൽ)

| ജില്ല | പ്രദർശനത്തോട്ടങ്ങൾ |
|---|---|
| തിരുവനന്തപുരം | 0.50 |
| കൊല്ലം | 0.50 |
| പത്തനംതിട്ട | 0.50 |
| ആലപ്പുഴ | 0.50 |
| കോട്ടയം | 0.25 |
| ഇടുക്കി | 0.50 |
| എറണാകുളം | 0.50 |
| തൃശ്ശൂർ | 0.50 |
| പാലക്കാട് | 0.50 |
| മലപ്പുറം | 0.50 |
| കോഴിക്കോട് | 0.50 |
| വയനാട് | 0.50 |
| കണ്ണൂർ | 0.50 |
| കാസർഗോഡ് | 0.25 |

(signed)

സെക്ഷൻ ഓഫീസർ